നീരയും നീരയുല്പന്നങ്ങളും

3 (*273) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. എ. മാധവൻ:
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീരയും നീരയുൽപ്പന്നങ്ങളും നിർമ്മിക്കുന്നതിനും വിപണനത്തിനുമായി ആരെല്ലാമാണ് സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിന്റെ നിർമ്മാണത്തിന് വേണ്ട സാങ്കേതിക ഉപദേശങ്ങളും സഹായവും ആരുടെ മേൽനോട്ടത്തിലാണ് നടത്തുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) നാളികേര നീര ബോർഡ്, കൃഷി വകുപ്പ്, എക്സൈസ് വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ, നാളികേര വികസന ബോർഡ്, കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റികൾ, ഫെഡറേഷനുകൾ, കർഷകഗ്രൂപ്പുകൾ, എന്നിവയെല്ലാമാണ് നീരയും, നീരയുല്പന്നങ്ങളുടെയും നിർമ്മാണവും വിപണനവുമായി ബന്ധപ്പെട്ടിരിക്കുന്നത്.

കേരള കാർഷിക സർവ്വകലാശാലയുടെ നീലേശ്വരം കാമ്പസിലാണ് കേരാമൃതം (നീര) ഉത്പാദിപ്പിക്കുന്നത്. കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷനാണ് വിപണനം നടത്തുന്നത്. കേരള സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കേരള കാർഷിക സർവ്വകലാശാലയുടെ നീലേശ്വരം കാമ്പസിലെ നീര പൈലറ്റ് യൂണിറ്റിലാണ് കേരാമൃതം (കേര നീര) ഉല്പാദിപ്പിക്കുന്നത്. കേരാമൃതം, കേരചക്കര എന്നീ ഉല്പന്നങ്ങളാണ് ഉണ്ടാക്കുന്നത്. കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത നീര ഉല്പന്നങ്ങളുടെ വിതരണവും വില്പനയും ഇപ്പോൾ കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ വഴിയാണ് നടത്തുന്നത്. തിരുവനന്തപുരം സെക്രട്ടേറിയേറ്റിലെ വെന്റിംഗ് മെഷീൻ വഴി വിൽപ്പന നടത്തുന്നുണ്ട്. കൂടാതെ കേരള കാർഷിക സർവ്വകലാശാലയുടെ നീലേശ്വരം കേന്ദ്രത്തിലും നീര ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരള കാർഷിക സർവ്വകലാശാല, സെൻട്രൽ പ്ലാന്റേഷൻ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കാസർഗോഡ്), എസ്.സി.എം.എസ്. കോളേജ് കളമശ്ശേരി എന്നീ സ്ഥാപനങ്ങൾ നീര ഉല്പാദനത്തിനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതിന്റെ സാങ്കേതിക ഉപദേശങ്ങളും സഹായവും ബന്ധപ്പെട്ട സ്ഥാപനങ്ങൾ നൽകുന്നതാണ്.

കേരള കാർഷിക സർവ്വകലാശാലയിലെ പ്രൊഫസറും നാളികേര മിഷൻ അസോസിയേറ്റ് ഡയറക്ടറുമായ ഡോ.ജയപ്രകാശ് നായിക് ആണ് കേരള കാർഷിക സർവ്വകലാശാലയുടെ നീര ഉൽപ്പാദനത്തിന് സാങ്കേതിക ഉപദേശങ്ങൾ നൽകി മേൽനോട്ടം നിർവ്വഹിക്കുന്നത്.

കേരള കാർഷിക സർവ്വകലാശാല, നീര (കേരാമൃതം) നിർമ്മിക്കുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ട്. കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ നീരയും, തെങ്ങിൻ പൂങ്കുലയിൽ നിന്നും കേരചക്കരയും ഉല്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി മൂന്ന് പൈലറ്റ് പ്രോജക്ട് സംഘടിപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകുകയും, ഇതിൽ ആദ്യ പ്രോജക്ട് നീലേശ്വരം ക്യാമ്പസ്സിൽ ആരംഭിച്ച് നടപ്പിലാക്കി വരികയും ചെയ്യുന്നു. പൈലറ്റ് പ്രോജക്ടിന്റെ ചെലവുകൾക്കായി 130 ലക്ഷം രൂപ സർക്കാർ അനുവദിച്ച് നൽകിക്കഴിഞ്ഞു. നീരയുടെ വിപണനം നാളികേര വികസന കോർപ്പറേഷൻ മുഖേനയാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിൽ സ്ഥാപിച്ചിട്ടുള്ള വെൻഡിംങ്ങ് മെഷീൻ മുഖേനയും, നാളികേര വികസന കോർപ്പറേഷന്റെ എലത്തൂർ, എടപ്പള്ളി എന്നിവിടങ്ങളിലെ വില്പന കേന്ദ്രങ്ങൾ മുഖേനയും വിപണനം നടത്തുന്നുണ്ട്. കൂടാതെ കേരള കാർഷിക സർവ്വകലാശാലയുടെ നീലേശ്വരം കേന്ദ്രത്തിൽ നീര (കേരാമൃതം), കേരചക്കര എന്നിവ ഉല്പാദിപ്പിക്കുന്നുണ്ട്.

എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയങ്ങൾ

4 (*274) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയങ്ങൾ ആരംഭിക്കുവാൻ സാസംസ്കാരിക വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly